സൂറ – 28 / അൽ ഖസ്വസ്വ്

സൂക്തം: 14 – 17

കൊട്ടാരത്തിൽനിന്ന് ഖിബ്ത്വി വിജ്ഞാനങ്ങളും സംസ്കാരവും ഫറവോന്റെ രാജനീതിയും പഠിച്ചതോടൊപ്പം സ്വന്തം മാതാവുമായുള്ള ബന്ധത്തിൽനിന്ന് എബ്രായ സംസ്കാരവും യൂസുഫ് നബിയുടെ പൈതൃകവും ഇബ്റാഹീമീ ശരീഅത്തും മൂസാ(അ) പഠിച്ചിരിക്കണം. ഈ രണ്ട് വിദ്യാഭ്യാസവും ചേർന്ന് അദ്ദേഹത്തെ സംസ്കാരസമ്പന്നനും സൽസ്വഭാവിയും വിവേകശാലിയുമായ മനുഷ്യനാക്കി.

وَلَمَّا بَلَغَ أَشُدَّهُ وَاسْتَوَىٰ آتَيْنَاهُ حُكْمًا وَعِلْمًا ۚ وَكَذَٰلِكَ نَجْزِي الْمُحْسِنِينَ ﴿١٤﴾

14. മൂസാ പൂർണ യൗവനത്തിലെത്തുകയും പക്വത പ്രാപിക്കുകയും ചെയ്തപ്പോൾ നാം അദ്ദേഹത്തിന് വിവേകബുദ്ധിയും വിജ്ഞാനവും നൽകി. സജ്ജനങ്ങളെ നാം ഈവിധം സമ്മാനിതരാക്കുന്നു.

14

وَلَمَّا بَلَغَ أَشُدَّهُ = അദ്ദേഹം തന്റെ കരുത്തിലെത്തിയപ്പോൾ (മൂസാ പൂർണ യൗവനത്തിലെത്തുകയും)

وَاسْتَوَىٰ = സന്തുലിതമാവുകയും(പക്വത പ്രാപിക്കുകയും) ചെയ്തപ്പോൾ

آتَيْنَاهُ = നാം അദ്ദേഹത്തിനു നൽകി حُكْمًا = യുക്തിജ്ഞാനം (വിവേകബുദ്ധിയും) وَعِلْمًا = വിവരവും

وَكَذَٰلِكَ نَجْزِي = ഈവിധം നാം പ്രതിഫലം നൽകുന്നു (സമ്മാനിതരാക്കുന്നു) الْمُحْسِنِينَ = നന്മ ചെയ്യുന്നവരെ (സജ്ജനങ്ങളെ)

മുല കൊടുത്തു വളർത്താൻ ഏറ്റെടുത്ത മകനെ മുലകുടിപ്രായം കഴിഞ്ഞപ്പോൾ മാതാവ് കൊട്ടാരത്തിൽ തിരിച്ചേൽപിച്ചു. അനന്തരം യൗവനകാലം വരെയുള്ള അദ്ദേഹത്തിന്റെ ജീവിതകഥ ഇവിടെ വിട്ടുകളഞ്ഞിരിക്കുന്നു. ബൈബിളും ആ വിശദാംശങ്ങൾ പറയുന്നില്ല. രാജകുമാരി അവനെ പുത്രനായി സ്വീകരിച്ചുവെന്നും മോശെ എന്നു പേരിട്ടു എന്നും മാത്രമേ പറയുന്നുള്ളൂ. രാജകുമാരനായി കൊട്ടാരത്തിൽ വളർന്ന മൂസാ(അ)ക്ക് രാജോചിതമായ വിദ്യാഭ്യാസവും പരിചരണവും ലഭിച്ചിട്ടുണ്ടായിരിക്കും. അങ്ങനെ അദ്ദേഹം ശാരീരികമായി കരുത്തും ബുദ്ധിപരമായി പക്വതയുമുള്ള ഒരു യുവാവായിത്തീർന്നു. بَلَغَ أَشُدَّهُ وَاسْتَوَىٰ എന്നാണ് മൂലവാക്യം. അവൻ തന്റെ കരുത്ത് പ്രാപിക്കുകയും സന്തുലിതനാവുകയും ചെയ്തു എന്നാണതിന്റെ ഭാഷാർഥം. പൂർണ യൗവനത്തിലെത്തി എന്നാണ് بَلَغَ أَشُدَّهُ –ന്റെ പ്രയോഗാർഥം. മാനസികമായ പക്വത അഥവാ ബുദ്ധിയും വിവേകവും ആർജിക്കുകയാണ് اسْتِوَاء. ശരീരഘടന പൂർണതയിലെത്തുക എന്ന അർഥത്തിലും استواء ഉപയോഗിക്കുമെങ്കിലും بلوغ الاشدّ -നോടൊപ്പം اسْتِوَاء വരുമ്പോൾ മാനസികമായ പക്വതയാണുദ്ദേശ്യമെന്ന് പൊതുവിൽ കരുതപ്പെടുന്നു. ഈ സാമാന്യ ഗുണങ്ങളോടൊപ്പം അല്ലാഹു അദ്ദേഹത്തിന് ഇൽമും ഹുക്മും സവിശേഷം പ്രദാനം ചെയ്തു. കാര്യങ്ങളുടെ ഉൾക്കാമ്പ് മനസ്സിലാക്കാനുള്ള വൈഭവമാണ് حكم. തത്ത്വജ്ഞാനം, യുക്തിജ്ഞാനം, വിഷയം കൈകാര്യം ചെയ്യേണ്ട ശരിയായ രീതിയെ സംബന്ധിച്ച വിവരവും വിവേകവും എന്നൊക്കെ ഇതിന് അർഥം നൽകാറുണ്ട്. അധികാരം, വിധി എന്നിങ്ങനെയും അർഥമുണ്ട്. പ്രവാചകത്വം നൽകി എന്ന അർഥത്തിലും آتَيْنَاهُ حُكْمًا وَعِلْمًا എന്നു പറയാറുണ്ട്. ഇവിടെ പക്ഷേ, ആ അർഥം യോജിക്കുകയില്ല. കാരണം അശുദ്ദും ഇസ്തിവാഉം പ്രാപിച്ച് ഏതാണ്ട് പത്തു വർഷത്തിനു ശേഷമാണ് മൂസാ(അ) പ്രവാചകനായി നിയുക്തനായതെന്ന് ഖുർആനിൽനിന്ന് വ്യക്തമാകുന്നുണ്ട്.

കൊട്ടാരത്തിൽനിന്ന് ഖിബ്ത്വി വിജ്ഞാനങ്ങളും സംസ്കാരവും ഫറവോന്റെ രാജനീതിയും പഠിച്ചതോടൊപ്പം സ്വന്തം മാതാവുമായുള്ള ബന്ധത്തിൽനിന്ന് എബ്രായ സംസ്കാരവും യൂസുഫ് നബിയുടെ പൈതൃകവും ഇബ്റാഹീമീ ശരീഅത്തും മൂസാ(അ) പഠിച്ചിരിക്കണം. ഈ രണ്ട് വിദ്യാഭ്യാസവും ചേർന്ന് അദ്ദേഹത്തെ സംസ്കാരസമ്പന്നനും സൽസ്വഭാവിയും വിവേകശാലിയുമായ മനുഷ്യനാക്കി. അത്തരം സുകൃതർക്ക് അല്ലാഹു മേൽക്കുമേൽ വിജ്ഞാനവും കാര്യബോധവും വർധിപ്പിച്ചുകൊടുത്തുകൊണ്ടിരിക്കും. ■

وَدَخَلَ الْمَدِينَةَ عَلَىٰ حِينِ غَفْلَةٍ مِّنْ أَهْلِهَا فَوَجَدَ فِيهَا
رَجُلَيْنِ يَقْتَتِلَانِ هَٰذَا مِن شِيعَتِهِ وَهَٰذَا مِنْ عَدُوِّهِ ۖ
فَاسْتَغَاثَهُ الَّذِي مِن شِيعَتِهِ عَلَى الَّذِي مِنْ عَدُوِّهِ فَوَكَزَهُ
مُوسَىٰ فَقَضَىٰ عَلَيْهِ ۖ قَالَ هَٰذَا مِنْ عَمَلِ الشَّيْطَانِ ۖ إِنَّهُ
عَدُوٌّ مُّضِلٌّ مُّبِينٌ ﴿١٥﴾

15. നഗരവാസികളുടെ അശ്രദ്ധയുടെ നേരത്ത് മൂസാ നഗരത്തിലിറങ്ങി. അപ്പോൾ രണ്ടാളുകൾ സംഘട്ടനത്തിലേർപ്പെട്ടതായി കണ്ടു. ഒരുവൻ സ്വജാതിയിൽപെട്ടവനും അപരൻ തന്റെ വൈരികളിൽപെട്ടവനും. മൂസായെ കണ്ടപ്പോൾ സ്വജാതിയിൽപെട്ടവൻ തന്റെ എതിരാളിക്കെതിരെ അദ്ദേഹത്തോട് സഹായത്തിനപേക്ഷിച്ചു. മൂസാ അയാൾക്ക് ഒരിടി കൊടുത്തു. അതോടെ അയാളുടെ കഥ കഴിഞ്ഞു. മൂസാ ആത്മഗതം ചെയ്തു: ഇതു ചെകുത്താന്റെ പ്രവൃത്തിയാകുന്നു. തീർച്ചയായും അവൻ തെളിഞ്ഞ ശത്രുവും വഴിതെറ്റിക്കുന്നവനുമാകുന്നു.

قَالَ رَبِّ إِنِّي ظَلَمْتُ نَفْسِي فَاغْفِرْ لِي فَغَفَرَ لَهُ ۚ إِنَّهُ هُوَ
الْغَفُورُ الرَّحِيمُ ﴿١٦﴾

16. പിന്നെ അദ്ദേഹം പ്രാർഥിച്ചു: നാഥാ, ഞാൻ എന്നോടു തന്നെ അതിക്രമം ചെയ്തുപോയി. എനിക്ക് പൊറുത്തുതരേണമേ! നാഥൻ അദ്ദേഹത്തിനു പൊറുത്തു കൊടുത്തു. അവൻ ഏറെ പൊറുക്കുന്നവനും കരുണാമയനും തന്നെയാണല്ലോ.

قَالَ رَبِّ بِمَا أَنْعَمْتَ عَلَيَّ فَلَنْ أَكُونَ ظَهِيرًا لِّلْمُجْرِمِينَ
﴿١٧﴾

17. മൂസാ പ്രതിജ്ഞ ചെയ്തു: നാഥാ, നീ എന്നിൽ അനുഗ്രഹം ചെയ്തിട്ടുള്ളതിനാൽ ഇനിയൊരിക്കലും ഞാൻ കുറ്റവാളികൾക്ക് സഹായിയാവുകയില്ല.

15-17

وَدَخَلَ الْمَدِينَةَ= മൂസാ നഗരത്തിൽ പ്രവേശിച്ചു (ഇറങ്ങി)
عَلَىٰ حِينِ غَفْلَةٍ مِّنْ أَهْلِهَا= അതിന്റെ ആളുകളുടെ (നഗരവാസികളുടെ) അശ്രദ്ധയുടെ നേരത്ത്
فَوَجَدَ فِيهَا= അപ്പോൾ അവിടെ കണ്ടു
رَجُلَيْنِ يَقْتَتِلَانِ= പരസ്പരം കൊല്ലുന്ന രണ്ടാളുകളെ (രണ്ടാളുകൾ സംഘട്ടനത്തിലേർപ്പെട്ടതായിട്ട്)
هَٰذَا مِن شِيعَتِهِ = ഇത് (ഒരുവൻ) അവന്റെ (സ്വ)ജാതിയിൽപെട്ടവൻ
وَهَٰذَا مِنْ عَدُوِّهِ ۖ = ഇത് (അപരൻ) തന്റെ വൈരികളിൽപെട്ടവനും
فَاسْتَغَاثَهُ= അപ്പോൾ അദ്ദേഹത്തോട് സഹായത്തിനപേക്ഷിച്ചു
الَّذِي مِن شِيعَتِهِ= (മൂസായെ കണ്ടപ്പോൾ) അദ്ദേഹത്തിന്റെ (സ്വ)ജാതിയിൽപെട്ടവൻ
عَلَى الَّذِي مِنْ عَدُوِّهِ= തന്റെ എതിരാളിയായവനെതിരെ فَوَكَزَهُ مُوسَىٰ= അപ്പോൾ മൂസാ അയാളെ ഇടിച്ചു
فَقَضَىٰ عَلَيْهِ ۖ= അപ്പോൾ അവന്റെ മേൽ വിധിച്ചു (അയാളുടെ കഥകഴിഞ്ഞു, മരിച്ചു)
قَالَ= അവൻ പറഞ്ഞു (മൂസാ ആത്മഗതം ചെയ്തു) هَٰذَا = ഇത്
مِنْ عَمَلِ الشَّيْطَانِ ۖ = ചെകുത്താന്റെ പ്രവൃത്തിയിൽപെട്ടതാകുന്നു
إِنَّهُ عَدُوٌّ مُّضِلٌّ مُّبِينٌ= അവൻ തെളിഞ്ഞ വഴിതെറ്റിക്കുന്നവനായ ശത്രു (ശത്രുവും വഴിതെറ്റിക്കുന്നവനുമാകുന്നു)
قَالَ= അവൻ പറഞ്ഞു (പിന്നെ അദ്ദേഹം പ്രാർഥിച്ചു) رَبِّ= എന്റെ നാഥാ
إِنِّي ظَلَمْتُ نَفْسِي= ഞാൻ എന്റെ ആത്മാവിനെ അക്രമിച്ചു (എന്നോടു തന്നെ അതിക്രമം ചെയ്തുപോയി)
فَاغْفِرْ لِي= ആകയാൽ നീ എനിക്കു പൊറുത്തുതരേണമേ
فَغَفَرَ لَهُ= അപ്പോൾ അവൻ അദ്ദേഹത്തിനു പൊറുത്തുകൊടുത്തു إِنَّهُ هُوَ= അവൻ തന്നെ(യാണല്ലോ)
الْغَفُورُ الرَّحِيمُ= കരുണാമയനായ ഏറെ പൊറുക്കുന്നവൻ (ഏറെ പൊറുക്കുന്നവനും കരുണാമയനും)
قَالَ= അവൻ പറഞ്ഞു (മൂസാ പ്രതിജ്ഞ ചെയ്തു) رَبِّ= എന്റെ നാഥാ
بِمَا أَنْعَمْتَ عَلَيَّ= നീ എന്നിൽ അനുഗ്രഹം ചൊരിഞ്ഞിട്ടുള്ളതിനാൽ
فَلَنْ أَكُونَ= ഇനിയൊരിക്കലും ഞാൻ ആവുകയില്ല ظَهِيرًا= സഹായി لِّلْمُجْرِمِينَ = കുറ്റവാളികൾക്ക്

ഫറവോന്റെ കൊട്ടാരത്തിൽ വളരുകയും ഫറവോന്റെ പുത്രൻ-മൂസാ ബിൻ ഫറവോൻ- എന്നറിയപ്പെടുകയും ചെയ്തുവെങ്കിലും താനൊരു എബ്രായനാണെന്നും തന്റെ സമുദായം ഈജിപ്തിൽ അടിമകളാണെന്നും മൂസാ(അ)ക്ക് അറിയാമായിരുന്നു. അദ്ദേഹം അവരുടെ കഷ്ടപ്പാടുകൾ നേരിട്ട് മനസ്സിലാക്കാൻ ആഗ്രഹിക്കുകയും മോചനമാർഗത്തെക്കുറിച്ച് ചിന്തിക്കുകയും ചെയ്തിരുന്നു. പക്ഷേ, അടിമകൾക്കിടയിലേക്ക് ഇറങ്ങിച്ചെല്ലുക ഒരു രാജകുമാരന് ഭൂഷണമല്ലല്ലോ. കൂടാതെ മൂസാ ഒരു എബ്രായനാണെന്ന് നാട്ടുകാർക്കും അറിയാം. എബ്രായൻ ഫറവോന്റെ കൊട്ടാരത്തിൽ താമസിച്ചതുകൊണ്ട് എബ്രായനല്ലാതാവില്ലല്ലോ. അവരെ സംബന്ധിച്ചേടത്തോളം ബ്രാഹ്മണ ഗൃഹത്തിൽ താമസിക്കുന്ന അവർണനെപ്പോലെയായിരുന്നു അദ്ദേഹം. എബ്രായരുമായി തുറന്ന് ഇടപഴകുന്നത് അവരുടെ ഈ മനോഭാവത്തിനു ശക്തിപകരും. അദ്ദേഹം ഫറവോൻ രാജാവിനെ അപമാനിക്കുന്നുവെന്നും സ്വവർഗത്തോടാണ് അദ്ദേഹത്തിന്റെ കൂറെന്നും ആക്ഷേപിക്കപ്പെടുകയും ചെയ്യും. അതുകൊണ്ട് അദ്ദേഹം സ്വജനത്തിന്റെ അവസ്ഥ പഠിക്കാൻ കൊട്ടാരം വിട്ട് നഗരത്തിലേക്കിറങ്ങിയത് നാട്ടുകാരുടെ ശ്രദ്ധയിൽ പെടാത്ത സമയം നോക്കിയായിരുന്നു. ഇവിടെ സൂചിപ്പിക്കുന്ന നഗരം ഉത്തര ഈജിപ്തിന്റെ തലസ്ഥാനമായ മൻഫിസ് ആണ്. നഗരവാസികളുടെ അശ്രദ്ധയുടെ സമയം- حِينِ غَفْلَةٍ مِّنْ أَهْلِهَا മധ്യാഹ്ന വിശ്രമവേളയാണ്. وقت القيلولة എന്നാണിതിനു പറയുക. ഉച്ചക്ക് ജോലികളിൽനിന്ന് മാറി അൽപനേരം വിശ്രമിക്കുകയും ഉറങ്ങുകയും ചെയ്യുക മധ്യപൗരസ്ത്യ ദേശങ്ങളിലെ സാധാരണ ജനങ്ങളുടെ ശീലമാണ്. സമ്പന്നർക്കിടയിൽ ലോകത്തെല്ലായിടത്തും ഈ ശീലമുണ്ട്. ഊണിനു ശേഷം ഒരു ഉച്ചയുറക്കം കേരളത്തിൽ വരെ ഉണ്ടല്ലോ. പണ്ടുകാലത്ത് സമ്പന്നർക്ക് ഇതൊഴിച്ചുകൂടാത്തതായിരുന്നു. ഈ നേരത്ത് മൻഫിസ് തെരുവുകൾ ജനശൂന്യമാകും. തെരുവുകളിലുള്ളവർ ഏറെയും അടിമകളായിരിക്കും. അവർക്ക് വിശ്രമിക്കാൻ അവകാശവും സ്വാതന്ത്ര്യവുമില്ലല്ലോ. വിശ്രമത്തിലേർപ്പെടുന്ന വരേണ്യവിഭാഗം ആ നേരത്ത് തെരുവുകളിൽ എന്തു നടക്കുന്നു എന്ന് ശ്രദ്ധിക്കാറില്ല.

ഒരു ദിവസം മൂസാ(അ) തെരുവിലിറങ്ങിയപ്പോൾ രണ്ടാളുകൾ സംഘട്ടനത്തിലേർപ്പെടുന്നതു കണ്ടു. ഒരാൾ എബ്രായനും അപരൻ ഖിബ്ത്വിയുമാണ്. ഖിബ്ത്വി തന്റെ വിറക് ചുമക്കാൻ ഇസ്രാഈല്യനോട് ആവശ്യപ്പെട്ടപ്പോൾ ഇസ്രാഈല്യൻ വിസമ്മതിച്ചതിനെ തുടർന്നുണ്ടായതായിരുന്നു സംഘട്ടനം എന്നു പറയപ്പെടുന്നു. ഒരാൾ തന്റെ സമുദായത്തിൽപെട്ടവനും മറ്റേയാൾ തന്റെ വൈരികളിൽപെട്ടവനും. مِنْ عَدُوِّهِۦ എന്നാണ് മൂലവചനം. മൂസാ നബിക്ക് അക്കാലത്തുതന്നെ ഖിബ്ത്വികളുടെ നിലപാടിനോട് വിരോധവും പ്രതിഷേധവുമുണ്ടായിരുന്നു എന്നാണീ പ്രയോഗം സൂചിപ്പിക്കുന്നത്. അല്ലെങ്കിൽ ഒരാൾ സ്വസമുദായക്കാരനും അപരൻ യജമാന സമുദായക്കാരനും അല്ലെങ്കിൽ ഖിബ്ത്വി സമുദായക്കാരനും എന്നാണല്ലോ പറയുക. മൂസാ(അ)യെ കണ്ടപ്പോൾ തന്റെ ശത്രുവിനെതിരെ തന്നെ സഹായിക്കണമെന്ന് എബ്രായൻ അപേക്ഷിച്ചു. പ്രകോപിതനായ മൂസാ(അ) മുഷ്ടി ചുരുട്ടി ഖിബ്ത്വിക്ക് ഒരു ഇടി വെച്ചുകൊടുത്തു. അതയാളുടെ കഥകഴിച്ചു. വിധിച്ചു, ബാധ്യത വീട്ടി, കാര്യം നിവർത്തിച്ചു എന്നൊക്കെയാണ് قضى -യുടെ ഭാഷാർഥം. അയാളുടെ കഥകഴിച്ചു, വധിച്ചു എന്ന അർഥത്തിലാണ് قضى عليه എന്നു പറയുക.

വിവേകശാലിക്ക് ചേർന്നതായിരുന്നില്ല മൂസാ(അ)യുടെ ഈ നടപടി. ശണ്ഠയുടെ കാരണം അന്വേഷിച്ചറിഞ്ഞ് അവർക്കിടയിൽ ന്യായമായ ഒത്തുതീർപ്പിനു ശ്രമിക്കുകയായിരുന്നു ആദ്യം വേണ്ടിയിരുന്നത്. ന്യായമായ ഒത്തുതീർപ്പിനു വഴങ്ങാതെ ഒരു കക്ഷി അക്രമം തുടരുകയാണെങ്കിൽ അയാളെ നിലക്കുനിർത്താൻ വേണ്ടതു ചെയ്യാം. ഇതൊന്നും ചെയ്യാതെ അയാളെ കൊന്നുകളയുന്നത് മഹാ അപരാധമാകുന്നു. മൂസാ(അ) അയാളെ കൊല്ലണമെന്നു ഉദ്ദേശ്യത്തോടെയാവില്ല ഇടിച്ചത്. സഹായമപേക്ഷിച്ച മർദിതനായ സ്വജാതിക്കാരനെ രക്ഷിക്കാൻ ശ്രമിക്കുകയായിരുന്നു അദ്ദേഹം. കരുത്തനും ആജാനുബാഹുവുമായ അദ്ദേഹത്തിന്റെ ഇടി ഖിബ്ത്വിക്ക് മാരകമായി ഭവിക്കുകയായിരുന്നു.

ഖിബ്ത്വി മരിച്ചതു കണ്ടപ്പോൾ മൂസാ(അ) ബോധവാനായി; തന്റെ വിവേകത്തിനും സംസ്കാരത്തിനും ധർമനിഷ്ഠക്കും വിരുദ്ധമായ പ്രവൃത്തിയാണ് തന്നിൽനിന്നുണ്ടായിരിക്കുന്നത്. വധാർഹനല്ലാത്ത ഒരാളെ വധിക്കുന്നത് ഖിബ്ത്വി സംസ്കാരത്തിലും എബ്രായ സംസ്കാരത്തിലുമെല്ലാം കൊടിയ കുറ്റകൃത്യമാണ്. ധർമബോധമല്ല, ചെകുത്താൻ തന്നെയാണ് ഈ അകൃത്യം ചെയ്യാൻ തന്നെ പ്രചോദിപ്പിച്ചത്. هَٰذَا مِنْ عَمَلِ الشَّيْطَانِ (അത് ചെകുത്താന്റെ പ്രവൃത്തികളിൽപെട്ടതാകുന്നു) എന്നാണ് മൂലവാക്യം. തന്നിൽനിന്നുണ്ടായ കുറ്റകൃത്യത്തിന്റെ ഉത്തരവാദിത്തം ചെകുത്താനിൽ ചാരി സ്വയം നിരപരാധിത്വം ചമയുകയല്ല അദ്ദേഹം. താൻ ഒരിക്കലും വഴിപ്പെട്ടുകൂടാത്ത ചെകുത്താന്റെ പ്രചോദനത്തിന് വഴിപ്പെട്ടുപോയതുകൊണ്ടാണ് ഈ കുറ്റകൃത്യം ചെയ്യാനിടയായതെന്ന് പശ്ചാത്തപിക്കുകയാണ്. വലിയൊരു പൊതു തത്ത്വവും ഈ വാക്യം ഉൾക്കൊള്ളുന്നുണ്ട്. മനുഷ്യർ ചെയ്യുന്ന ദുഷ്ടതകളുടെയെല്ലാം അടിസ്ഥാന സ്രോതസ്സ് ചെകുത്താന്റെ പ്രചോദനമാണ്. ദൈവവിശ്വാസവും ധർമബോധവും സത്യസന്ധതയും, അക്രമവും അനീതിയും ചെയ്യാൻ ഒരിക്കലും പ്രചോദിപ്പിക്കുകയില്ല. ദുർബല നിമിഷങ്ങളിൽ സജ്ജനങ്ങളും ചിലപ്പോൾ പൈശാചിക പ്രചോദനത്തിന് വശംവദരായി അകൃത്യങ്ങൾ ചെയ്തുപോകും. അവർ പക്ഷേ ഉടനെ അത് തിരിച്ചറിയുകയും

പശ്ചാത്തപിക്കുകയും ചെയ്യും. അതാണ് സജ്ജന ലക്ഷണം. 3:135-ൽ സജ്ജന ചര്യകൾ വർണിച്ച കൂട്ടത്തിൽ പറയുന്നു: وَالَّذِينَ إِذَا فَعَلُوا فَاحِشَةً أَوْ ظَلَمُوا أَنفُسَهُمْ ذَكَرُوا اللَّهَ فَاسْتَغْفَرُوا لِذُنُوبِهِمْ (അവർ നീചകൃത്യം ചെയ്യാനോ അധർമത്തിലൂടെ തങ്ങളെ തന്നെ ആക്രമിക്കാനോ ഇടയായാൽ അല്ലാഹുവിനെ സ്മരിക്കുകയും തങ്ങളുടെ പാപം പൊറുത്തുകിട്ടാൻ പ്രാർഥിക്കുകയും ചെയ്യുന്നവരാകുന്നു). ഇതിന്റെ വ്യക്തമായ ഉദാഹരണമാണ് മൂസാ(അ). തന്നിലെ പൈശാചിക പ്രചോദനം തിരിച്ചറിഞ്ഞ അദ്ദേഹം നിഷ്കളങ്കമായി പാപമോചനം തേടുകയും ചെയ്തു.

മൂസാ(അ) പ്രാർഥിച്ചു: ''നാഥാ ഞാൻ മഹാപരാധം ചെയ്തുപോയി. നീ എനിക്ക് പൊറുത്തുതരേണമേ.'' മൂസാ(അ)യുടെ إِنِّي ظَلَمْتُ نَفْسِي എന്ന കുറ്റസമ്മതവാക്യവും സുപ്രധാനമായ തത്ത്വങ്ങളുൾക്കൊള്ളുന്നുണ്ട്. ഒരാൾ ചെയ്യുന്ന നന്മതിന്മകൾ -അത് ആരോടാവട്ടെ, എന്തിനോടാവട്ടെ- ആത്യന്തികമായി അനുഭവിക്കുന്നത് അയാൾ തന്നെയാണ്. നന്മകൾക്ക് അതിൽനിന്നുളവാകുന്ന സൗഭാഗ്യങ്ങളും സ്വർഗവും തിന്മകൾക്ക് അതിൽനിന്നുളവാകുന്ന യാതനകളും നരകവും. നന്മകളിലൂടെ മനുഷ്യാത്മാവ് മഹത്വത്തിലേക്കുയർന്ന് ദൈവത്തോടടുക്കുന്നു. തിന്മയിലൂടെ ഹീനതയിലേക്ക് താഴ്ന്ന് പിശാചിനോട് ചേരുന്നു. അതുകൊണ്ടാണ് വിലക്കപ്പെട്ട കനി തിന്ന ആദം-ഹവ്വമാർ ഇങ്ങനെ പ്രാർഥിച്ചത്: قَالَا رَبَّنَا ظَلَمْنَا أَنفُسَنَا وَإِن لَّمْ تَغْفِرْ لَنَا وَتَرْحَمْنَا لَنَكُونَنَّ مِنَ الْخَاسِرِينَ (നാഥാ, ഞങ്ങൾ ഞങ്ങളോടുതന്നെ അതിക്രമം ചെയതുപോയി. നീ ഞങ്ങൾക്ക് പൊറുത്തുതരികയും കരുണ കാട്ടുകയും ചെയ്യുന്നില്ലെങ്കിൽ ഞങ്ങൾ എല്ലാം നഷ്ടപ്പെട്ടവരായിത്തീരും- 7:23).

مَّنِ اهْتَدَىٰ فَإِنَّمَا يَهْتَدِي لِنَفْسِهِ ۖ وَمَن ضَلَّ فَإِنَّمَا يَضِلُّ عَلَيْهَا ۚ (സന്മാർഗസ്ഥനാകുന്നവൻ തനിക്കു വേണ്ടിത്തന്നെയാണ് സന്മാർഗസ്ഥനാകുന്നത്. ദുർമാർഗം സ്വീകരിക്കുന്നവനും തനിക്കെതിരായിത്തന്നെയാണ് അത് സ്വീകരിക്കുന്നത്) എന്ന് ഖുർആൻ ആവർത്തിച്ചു പറയുന്നതിന്റെ പൊരുളും ഇതാകുന്നു.

ജ്ഞാനവും വിവേകവുമില്ലാത്ത മൂഢജനങ്ങൾ ഈ സത്യം തിരിച്ചറിയുന്നില്ല. തിരിച്ചറിഞ്ഞാലും സമ്മതിക്കുകയുമില്ല. ഓരോരോ വ്യാജ കാരണങ്ങൾ നിരത്തി തങ്ങളുടെ തെറ്റുകളെ ന്യായീകരിച്ചുകൊണ്ടിരിക്കും. സ്വന്തം ദുഷ്കർമത്തിലൂടെ ശത്രുവിനുണ്ടായ പരാജയത്തെയും തനിക്കുണ്ടായ ഭൗതിക നേട്ടത്തെയും അവൻ മഹാ വിജയമായി കാണുന്നു. ഈ നിലപാട് അവനെ കൂടുതൽ വലിയ പാപകർമങ്ങളിലേക്ക് നയിക്കുന്നു. മറിച്ച് തെറ്റുകൾ തിരിച്ചറിയുകയും തിരുത്തുകയും ചെയ്യുന്നവർക്ക് അല്ലാഹു പൊറുത്തുകൊടുക്കുകയും കാരുണ്യം ചൊരിയുകയും ചെയ്യുന്നു. അവൻ സ്വർഗം വാഗ്ദാനം ചെയ്യുന്നത് ജീവിതത്തിലൊരിക്കലും ഒരു തെറ്റും പറ്റാത്തവർക്കല്ല; തെറ്റു പറ്റിയാൽ പശ്ചാത്തപിക്കുകയും പാപമോചനം തേടുകയും ചെയ്യുന്നവർക്കാണ്. മൂസാ നബിയുടെ ആത്മാർഥമായ പശ്ചാത്താപവും പാപമോചന പ്രാർഥനയും സ്വീകരിച്ചുകൊണ്ട് അല്ലാഹു അദ്ദേഹത്തിന്റെ കുറ്റം പൊറുത്തുകൊടുത്തു. അല്ലാഹുവിങ്കൽ സ്വീകാര്യമായ വിധം പശ്ചാത്താപിച്ചവർ പാപം ചെയ്യാത്തവരെപ്പോലെ പരിശുദ്ധരായിത്തീരുന്നു. പ്രവാചകന്മാർ കൊലപാതകം പോലുള്ള മഹാപരാധങ്ങൾ ചെയ്യുമോ എന്ന ചോദ്യത്തിന് ഇവിടെ പ്രസക്തിയില്ല. മൂസാ നബിക്ക് പ്രവാചകത്വം ലഭിക്കുന്നതിന് എത്രയോ വർഷങ്ങൾക്കു മുമ്പാണ് ഈ സംഭവം നടന്നത്. അന്ന് അദ്ദേഹത്തിൽനിന്നുണ്ടായത് ഒരു കുറ്റകൃത്യം തന്നെയായിരുന്നു. പാപം ചെയ്തവർക്കാണല്ലോ പാപമോചനം പ്രസക്തമാകുന്നത്.

قَالَ رَبِّ.......لِّلْمُجْرِمِينَ എന്ന വാക്യം മേലിൽ ഇത്തരം തെറ്റുകൾ ചെയ്യുകയില്ല എന്ന് അല്ലാഹുവിനെ മുൻനിർത്തിയുള്ള മൂസാ(അ)യുടെ പ്രതിജ്ഞയാണ്. بِمَا أَنْعَمْتَ عَلَيَّ എന്നു പറഞ്ഞതിലെ അനുഗ്രഹം പലതാണ്. അതിൽ ഒന്ന് കുറ്റം ചെയ്ത ശേഷം ചെയ്തത് കുറ്റമാണെന്ന് തിരിച്ചറിയാനും പശ്ചാത്തപിക്കാനും മാപ്പിരക്കാനും ഉതവിയരുളി എന്നതുതന്നെയാണ്. തനിക്ക് സവിശേഷമായ വിവരവും വിവേകബുദ്ധിയും -ഇൽമും ഹുക്മും- നൽകിയതും മാതാവിന്റെ മുലകുടിച്ചുകൊണ്ട് ഫറവോന്റെ കൊട്ടാരത്തിൽ വളരാൻ അവസരമൊരുക്കിയതും മറ്റു അനുഗ്രഹങ്ങളാണ്.

فَلَنْ أَكُونَ ظَهِيرًا لِّلْمُجْرِمِينَ എന്ന വാക്യത്തെ ക്രിമിനലുകളെ ഒരുതരത്തിലും സഹായിക്കാൻ പാടില്ല എന്നതിനുള്ള പ്രമാണമായി ഫുഖഹാക്കൾ ചൂണ്ടിക്കാണിച്ചിരിക്കുന്നു. അത്വാഅ് പ്രസ്താവിച്ചു: ''അക്രമിയെ സഹായിക്കുന്നത് ആർക്കും അനുവദനീയമല്ല. അവനു വേണ്ടി എഴുതാനോ അവനുമായി സഹവസിക്കാനോ പാടില്ല.'' നബി(സ) പ്രസ്താവിച്ചതായി ദൈലമി ഉദ്ധരിക്കുന്നു: من مشى مع ظالم فقد اجرم (അക്രമിയോടൊപ്പം നടന്നവൻ തീർച്ചയായും കുറ്റം ചെയ്തിരിക്കുന്നു). മറ്റൊരു നിവേദനത്തിൽ പറയുന്നു: ''മർദിതനോടൊപ്പം അയാളെ സഹായിക്കാൻ നടന്നവന്റെ പാദങ്ങളെ, പാദങ്ങൾ തെന്നുന്ന അന്ത്യനാളിൽ അല്ലാഹു സ്വർഗത്തിലേക്കുള്ള പാതയിൽ ഉറപ്പിച്ചുനിർത്തും. അക്രമിയോടൊപ്പം അവന്റെ അക്രമത്തെ സഹായിക്കാൻ നടന്നവന്റെ പാദങ്ങളെ, അല്ലാഹു സ്വർഗത്തിലേക്കുള്ള പാതയിൽനിന്ന് തെന്നിച്ചുകളയും.''

പ്രകൃത സൂക്തത്തിൽ മൂസാ നബി(അ) ഉദ്ദേശിച്ച അക്രമികളെ സഹായിക്കൽ, ഫറവോനോടും അയാളുടെ ഭരണരീതിയോടുമുള്ള അദ്ദേഹത്തിന്റെ സഹവാസവുമാവാം. താൻ കൊലക്കുറ്റത്തിലകപ്പെടാനിടയായ, ഇസ്രാഈലി വഴക്കാളിയുടെ പക്ഷം പിടിക്കാൻ പോയതുമാവാം. കൊലപാതകം ഖിബ്ത്വികളുടെ ശ്രദ്ധയിൽപെടാതെ രക്ഷപ്പെടാൻ കഴിഞ്ഞതിനെയാണുദ്ദേശ്യമെന്നും ചിലർ അഭിപ്രായപ്പെട്ടിരിക്കുന്നു.

■